ധിയ സാമാൻകൾ വാങ്ങിക്കൊടുത്താൽ അന്ത കാൻസ്ടേപിൾച്ചുക്കു മാറ്റം കൊടുക്കവേണ്ടാമെൻറു ഏതാവതു ചട്ടമുണ്ടാ?

HON'BLE MR. T. K. NARAYANA PILLAI : മിനം, വിറകും വാങ്ങിക്കൊടുക്കാത്ത പോലീസുകാരെ സ്ഥലം മാറ്റണമെന്ന ചട്ടമില്ല.

MR. D. FONNAYYA : അപ്പടി വാങ്ങിക്കൊടുക്കാത്തവർകളെ സ്ഥലം മാറ്റിയിരുന്താൽ, അതെപ്പറ്റി വിജാരിത്തു ഏതാവതു നടവടി എടുക്കുത്ത യാറാവിരുക്കിറീർകളാ?

HON'BLE MR T. K. NARAYANA PILLAI : അങ്ങിനെ ഉണ്ടെന്നു തെളിയിക്കുകയാണെങ്കിൽ അവരെ പഴയ സ്ഥാനത്തേക്കു മാറ്റിക്കൊടുക്കാം.

MR. T. T. KESAVAN SASTRI : ശിക്ഷിക്കപ്പെട്ടവരിൽ ഡിസ്മിസ് ചെയ്യപ്പെട്ടവർ എത്രയെന്നും സസ്പെൻറു ചെയ്യപ്പെട്ടവർ എത്രയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI : ഞാൻ അതെല്ലാം വായിച്ചു കഴിഞ്ഞു. മെമ്പർ അതു നോട്ടു ചെയ്തിരുന്നുവെങ്കിൽ അറിയാമായിരുന്നു.

UNSTARRED QUESTIONS.

തഹശീൽദാരുടെ അഴിമതി.

277. MR. P. C. GEORGE (*Pathanamthitta I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ക്രിമിനൽ ലായുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഫറ 9–ാം മണ്ടു് തിരുനാളിനാണെന്നും പറഞ്ഞു പൊതുജനങ്ങളിൽ നിന്നും അന്നവിടെ തഹശീൽദാരായിരുന്ന ആളും കൂട്ടരും കൂടെ പിരിച്ചെടുത്ത പണം എത്രയെന്നും അതെന്തിനു ചിലവാക്കിയെന്നും പറയാമോ?

(ബി) ആ ഉദ്യോഗസ്ഥനെ മറു അഴിമതിക്കായി പിന്നീടു് ഗവണ്മെൻറിൽ നിന്നും ശിക്ഷിച്ചിട്ടുണ്ടോ?

(സി) ഏതു വിഭാഗത്തിൽ പറഞ്ഞിരുന്ന കാര്യത്തിൽ അഴിമതിയുണ്ടായിട്ടുണ്ടോ എന്നു ഗവണ്മെൻറു അന്വേഷിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : (എ) തഹശീൽദാർക്കു പണം പിരിവിൽ യാതൊരു പങ്കുമില്ലായിരുന്നു.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly